പതിമൂന്നാം കേരള നിയമ സഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4525 | 04.02.2014 ൽ മറുപടിയ്ക്ക്

## ലീഗൽ മെട്രോളജി വകുപ്പിൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ലീഗൽ മെട്രോളജി വകുപ്പിൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കുമോ ; | (എ) ലീഗൽ മെട്രോളജി വകുപ്പിൽ 29.01.2013 ലെ സ.ഉ (അച്ചടിച്ചത്) നം.2/2013/ ഉപഭോക്തൃകാര്യ വകുപ്പ് നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന കേരള ലീഗൽ മെട്രോളജി സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ നടപ്പിലാക്കി വരുന്നു. |
| (ബി) പ്രസ്തുത വകുപ്പിലെ ഫീഡർ കാറ്റഗറിയിൽ ഇൻസ്പെകടിംഗ് അസിസ്റ്റന്റ് തസ്തിക ഉൾപ്പെടുത്തി റൂൾസ് ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) യും (സി) യും. നിവേദനം ലഭിച്ചിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് ഭേദഗതിയുമായി ബന്ധപ്പെട്ട് ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറി സർവ്വീസ് സംഘടനകളുമായി 08.10.2013 ൽ നടത്തിയ ചർച്ചയിൽ പ്രസ്തുത ആവശ്യം ഉന്നയിക്കപ്പെടുകയും ചർച്ചയുടെ മിനുട്ട്സിൽ ആയത് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടികൾ പുരോഗമിച്ച് വരുന്നു. |
| (സി) റൂൾസ് ഭേദഗതി ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ